**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 652** **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി കുടിശികയിനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് എത്ര രൂപ ലഭിക്കാനുണ്ട് എന്നറിയിക്കുമോ ; സ്ഥാപനം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ; | (എ) | 31.12.2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ 2164.06 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം ). തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട് . |
| (ബി) | പ്രസ്തുത കുടിശിക തുക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | കുടിശ്ശിക വരുത്തുന്ന സർക്കാർ സ്ഥാപനങ്ങളായ ആശുപത്രികൾ, പോലീസ്, കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, കൃഷി ഭവൻ ഉപഭോക്താക്കൾ ഇവയുടെ കണക്ഷൻ വിച്ഛേദിക്കാൻ ഗവൺമെന്റ് കമ്പനിയായ വൈദ്യുതി ബോർഡ് ലിമിറ്റഡിന് പരിമിതിയുള്ളതിനാൽ ഇത്തരം കുടിശ്ശികകൾ സർക്കാർ ഇടപെടലിൽക്കൂടി കാലാകാലങ്ങളിൽ തീർപ്പാക്കി വരുന്നു. 12.03.2024 ലെ സ.ഉ(സാധാ)നം.45/2024/ഊ.വ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 31.10.2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 2068.07 കോടി രൂപ (മുതൽ - 1728.47 കോടി പലിശ - 339.60 കോടി) തീർപ്പാക്കിയിട്ടുണ്ട്. അതിൻപ്രകാരം 2024-25 സാമ്പത്തിക വർഷം മുതൽ 206.80 കോടി രൂപ വീതം പത്ത് തുല്യ വാർഷിക ഗഡുക്കളായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 01.11.2023 മുതലുള്ള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് Escrow account തുടങ്ങുന്നതിനായി 30.10.2023-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br><br>12.03.2024 ലെ സ.ഉ(കൈ)നം.30/2024/ധന ഉത്തരവ് പ്രകാരം ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെയും അനുബന്ധ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെയും 31.10.2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 534.84 കോടി രൂപ (416.48 കോടി - മുതൽ 118.36 കോടി - പലിശ) തീർപ്പാക്കിയിട്ടുണ്ട്.<br><br>സപ്ലൈകോഡ് 2014 റെഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ , പോലീസ് , ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു വരുന്നു. ഇത് കൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ കൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ഇനം | തുക കോടി രൂപയിൽ |
|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 74.94 |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഒഴികെ) | 158.56 |
| കേരള വാട്ടർ അതോറിറ്റി | 458.54 |
| കേന്ദ്രസർക്കാർ വകുപ്പുകൾ | 1.67 |
| കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | 37.40 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 3.42 |
| പൊതു സ്ഥാപനങ്ങൾ | 22.56 |
| ഗാർഹികം | 318.69 |
| സ്വകാര്യ സ്ഥാപനങ്ങൾ | 1012.29 |
| കാപ്റ്റീവ് പവർ പ്ലാന്റ്സ് | 59.34 |
| അന്തർ സംസ്ഥാന സ്ഥാപനങ്ങൾ | 2.84 |
| ലൈസൻസി | 13.67 |
| മറ്റിനം | 0.14 |
| ആകെ | 2164.06 |

സെക്ഷൻ ഓഫീസർ